# ISC SEMESTER 1 EXAMINATION
## SPECIMEN QUESTION PAPER
## MALAYALAM

***Maximum Marks : 80***

***Time allowed : One and a half hours***

*(Candidates are allowed additional **15 minutes** for **only** reading the paper)*

*The marks intended for questions are given in brackets [ ].*

*Answer questions **1 and 2** in **Section A** and **all** questions from **Section B** from the **three** of the prescribed textbooks.*

***Select the correct option for each of the following questions.***

### SECTION A
### LANGUAGE – 41 Marks

1. **Read the passage given below carefully and answer all the questions that follow, choosing the right option :—**

**(താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനുശേഷം തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക)** :—

വിശ്വ മഹാകവി കാളിദാസനാൽ വിരചിതമായ നാടകമാണ് "അഭിജ്ഞാന ശാകുന്തളം". അതിന്റെ ലോകോത്തര മഹിമയ്ക്കു നിദാനമായി അനവധി കാര്യങ്ങളുണ്ട്. അവയിൽ പ്രധാനം നാടകത്തിലെ പ്രകൃതിക്കും മനുഷ്യനും തമ്മിൽ കാണുന്ന അവഗാഢമായ ബന്ധമാണ്. നാടകത്തിൽ സർവചാരചരങ്ങളും ഒരു കുടുംബത്തിലെ അംഗങ്ങളെ പോലെ പെരുമാറുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ഈ കാഴ്ച ഏതെല്ലാം രംഗത്തു പ്രകടമാകുന്നു എന്നു പരിശോധിക്കാം.

നാടകത്തിലെ ഇതിവൃത്തത്തിൽ പുരാണത്തിൽ നിന്ന് ചില വ്യതിയാനങ്ങൾ കാളിദാസൻ വരുത്തിയിട്ടുണ്ട്. ശകുന്തളയ്ക്കു രണ്ട് തൊഴിമാരെ സൃഷ്ടിച്ചു കൊടുത്തതാണ് അവയിലൊന്ന്. ആ രണ്ട് തോഴിമാരും സ്നേഹത്തിന്റെ നിറകുടങ്ങളായി പരിശോഭിക്കുന്നു. "അവർ സഖിയായ ശകുന്തളയോടു സഹോദര നിർവിശേഷമായ സ്നേഹം പുലർത്തിപ്പോരുകയാണ് ചെയ്യുന്നത്." ഭർതൃഗൃഹത്തിലേക്കു ശകുന്തളയെ യാത്രയാക്കുന്നതിൽ ഏറ്റവുമധികം സന്തോഷിക്കുന്നതും, ദുഃഖിക്കുന്നതും തോഴിമാർ തന്നെ.

ഭർതൃഗൃഹത്തിലേക്കു പോകുന്ന അവസരത്തിൽ വനദേവതമാർ ശകുന്തളയ്ക്ക് ധാരാളം ഉപഹാരങ്ങൾ നൽകുന്നു. ചുറ്റാനുള്ള ഉടയാടാണ് ഒരു മരം നൽകുന്നത്. മറ്റൊരു വൃക്ഷം ചരണ ചെഞ്ചാറ് നൽകി. മറ്റു വൃക്ഷങ്ങൾ ദേവതമാരുടെ കരങ്ങൾ വഴിയായി ഭൂഷാഗണം അർപ്പിച്ചു. നാട്ടിൻപുറത്തു നടക്കുന്ന ഒരു വിവാഹത്തിന്റെ പ്രതീതിയാണ് ഇവിടെ കവി വരുത്തിയിരിക്കുന്നത്. സസ്യലാതാദികൾപോലും ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ കഴിഞ്ഞുകൂടുന്ന കാഴ്ച ആരേയും ആകർഷിക്കുന്നതാണ്.

ശാകുന്തളം നാടകത്തിൽ പ്രകടമാകുന്ന സ്നേഹത്തിന്റെ ഉറവിടം കണ്വമഹർഷിയാണ്. നാടകത്തിലെ കഥാപാത്രങ്ങളെ കൂട്ടിയിണക്കി കൊടുക്കുന്ന മഹത്വ്യക്തിയാണദ്ദേഹം. ഒരച്ഛന്റെ സ്ഥാനത്തു നിന്നുകൊണ്ട് ഓരോ അംഗത്തോടും യാത്ര ചോദിക്കാൻ ശകുന്തളയെ ഉപദേശിക്കുന്ന് അദ്ദേഹമാണ്. ഒരു കുടുംബാന്തരീക്ഷമാണ് കവി ഇവിടെ വരുത്തുന്നത്.

സസ്യലതാദികളോടു സഹോദര സ്നേഹമാണ് ശകുന്തളയ്ക്കുള്ളത്. അവൾ ആശ്രമ വൃക്ഷങ്ങളെ നനയ്ക്കാതെ ജലപാനം ചെയ്യുകയില്ല. അത്യധികമായ കൗതുകമുണ്ടെങ്കിലും കരുണയാൽ ഒരു കുരുന്നിലപോലും നുള്ളുകയില്ല. സസ്യജാലങ്ങൾ പൂക്കുമ്പോൾ അവൾക്ക് ഒരു ഉത്സവത്തിന്റെ പ്രതീതിയാണ് ഉണ്ടാകുന്നത്. ശകുന്തള യാത്രയാകുമ്പോൾ സസ്യജാലങ്ങൾ വെള്ളിലകൾ പൊഴിച്ചു ദുഃഖിക്കുന്നു.

ആശ്രമത്തിലെ തിര്യക്കുകളും ആ വേർപാടിൽ ദുഃഖിക്കുന്നുണ്ട്. ഗർഭിണിയായ മാൻപേട ശകുന്തളയുടെ പിന്നാലെ വിലിഞ്ഞിഴഞ്ഞു നടക്കുന്നുണ്ട്. ആശ്രമത്തിൽ അവളുടെ വളർത്തു മകനായ ദീർഘാപാംഗൻ എന്ന മാൻകുട്ടി ശകുന്തളയുടെ പിന്നാലെ ചെന്ന് പുടവ കടിച്ചുപിടി ക്കുകയാണ്. അവർക്കു തമ്മിൽ അത്രയ്ക്കു സ്നേഹവിശ്വാസമുണ്ട്. അവിടുത്തെ മയിലുകൾ നൃത്തം നിർത്തി അനങ്ങാതെ നിൽക്കുന്ന കാഴ്ചയും ഹൃദയസ്പർശിയാണ്.

**തന്നിരിക്കുന്ന ചോദ്യങ്ങളുടെ ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക** :—

(i) ശാകുന്തളത്തിലെ ഇതിവൃത്തം സ്വീകരിച്ചിരിക്കുന്നത് : [1]

(a) രാമായണം

(b) പാട്ടു സാഹിത്യം

(c) പുരാണം

(d) സാമവേദം

(ii) കാളിദാസനാൽ വിരചിതം : [1]

(a) ശാകുന്തളം
(b) നളചരിതം
(c) നൈഷധം
(d) കിർമീരവധം

(iii) വിരചിതം എന്ന അർത്ഥം വരുന്ന പദം ഏത് ? [1]

(a) രചിക്കുക
(b) മറയ്ക്കുക
(c) വിതയ്ക്കുക
(d) ഓർമ്മപ്പെടുത്തുക

(iv) ശാകുന്തളം നാടകത്തിന്റെ മഹിമയ്ക്ക് നിദാനം : [1]

(a) മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം
(b) മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം
(c) പ്രകൃതിയും മൃഗങ്ങളും തമ്മിലുള്ള ബന്ധം
(d) മൃഗങ്ങളും മൃഗങ്ങളും തമ്മിലുള്ള ബന്ധം

(v) കാളിദാസൻ നാടകത്തിൽ വരുത്തിയ പ്രധാന മാറ്റം ? [1]

(a) രണ്ടു തോഴിമാരെ സൃഷ്ടിച്ചു
(b) തോഴിമാരെ നിരാകരിച്ചു
(c) ഒരു തോഴിക്ക് പ്രധാന്യം കൊടുത്തു
(d) രണ്ടുപേർക്കും പ്രാധാന്യം കൊടുത്തു

(vi) നാടകത്തിലെ തോഴിമാർ എന്തിന്റെ പ്രതീകങ്ങളാണ് ? [1]

(a) സ്നേഹത്തിന്റെ
(b) വിശ്വാസത്തിന്റെ
(c) വെറുപ്പിന്റെ
(d) കരുതലിന്റെ

(vii) ഭർത്തൃഗൃഹത്തിലേക്ക് ശകുന്തള യാത്രയാകുന്നതിൽ ഏറ്റവുമധികം സന്തോഷിക്കുന്നത് ആര് ? [1]

(a) പ്രകൃതി
(b) കണ്വൻ
(c) മാൻ
(d) തോഴിമാർ

(viii) ചരണ ചെഞ്ചാറ് നൽകി ശകുന്തളയെ യാത്രയാക്കിയത് ആര് ? [1]

(a) കണ്വൻ
(b) തോഴിമാർ
(c) മാൻ
(d) ഒരു മരം

(ix) ആരാണ് വനദേവത ? [1]

(a) വനത്തിലെ ദേവത
(b) വനത്തിലെ പാട്ടുകാർ
(c) ഗന്ധർവ ഭാര്യ
(d) യക്ഷി

(x) മരം ശകുന്തളയ്ക്ക് നൽകിയ ഉപഹാരം എന്ത് ? [1]

(a) ഉടയാട
(b) കർണാഭരണം
(c) മാന്തോൽ
(d) മരവുരി

(xi) ദേവതമാരുടെ കരങ്ങൾവഴി വൃക്ഷങ്ങൾ ശകുന്തളയ്ക്ക് നൽകിയത് ? [1]

(a) ഭൂഷാഗണം
(b) കാതിലോല
(c) പാദസരം
(d) ആട

(xii) കണ്വമഹർഷി ആരായിരുന്നു ? [1]

(a) ഒരു താപസകുമാരൻ
(b) ഒരു രാജ ശ്രേഷ്ഠൻ
(c) രാജാവിന്റെ ദാസൻ
(d) ശകുന്തളയുടെ വളർത്തുപിതാവ്

(xiii) നാടകത്തിലെ കഥാപാത്രങ്ങളെ കൂട്ടിയിണക്കുന്ന വ്യക്തി ആര് ? [1]

(a) കവി
(b) ശകുന്തള
(c) പ്രകൃതി
(d) കണ്വൻ

(xiv) പ്രതീതി എന്ന അർത്ഥം വരുന്ന പദം ? [1]

(a) വിരഹം
(b) സങ്കല്ലം
(c) തോന്നൽ
(d) രീതി

(xv) നാട്ടിൻപുറങ്ങളിലെ പെൺകുട്ടികളെ ഭർത്തൃഗൃഹത്തിലേക്ക് യാത്രയാക്കുന്ന അവസരത്തിൽ മാതാപിതാക്കളുടെ മനോഭാവം എന്തായിരിക്കും ? [1]

(a) ദുഃഖം
(b) വികാരപ്രകടനങ്ങൾ
(c) സന്തോഷം
(d) ആശ്വാസം

(xvi) ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെ കഴിഞ്ഞുകൂടുന്നത് ആരൊക്കെ ? [1]

(a) കണ്വനും തോഴിമാരും
(b) ശകുന്തളയും കണ്വനും
(c) ശകുന്തളയും തോഴിമാരും
(d) സസ്യലതാദികൾ

(xvii) സഹോദര നിർവിശേഷമായ സ്നേഹമാണ് ശകുന്തളയ്ക്ക് ? [1]

(a) പ്രകൃതിയോട്
(b) സസ്യലതാദികളോട്
(c) തോഴിമാരോട്
(d) ദീർഘാപാംഗനോട്

(xviii) ശകുന്തള ഭർത്തൃഗൃഹത്തിലേക്ക് യാത്രയാകുമ്പോൾ സസ്യജാലങ്ങൾ? [1]

(a) ദുഃഖിച്ചു
(b) സന്തോഷിച്ചു
(c) നിർവികാരതയോടെ നിന്നു
(d) വെള്ളിലകൾ പൊഴിച്ചു

(xix) വിവാഹം എന്ന അർത്ഥം വരുന്ന മറ്റൊരു പദം : [1]

(a) മിന്നുകെട്ട്

(b) നൂലുകെട്ട്

(c) ചരട്കെട്ട്

(d) പരിണയം

(xx) തിര്യക്ക് എന്നർത്ഥം വരാത്ത പദം ? [1]

(a) മാൻപേട

(b) കരടി

(c) കുരങ്ങ്

(d) വായു

(xxi) ശാകുന്തളം നാടകത്തിലെ ഹൃദയസ്പർശിയായ രംഗം : [1]

(a) മാൻകുട്ടി പുടവ കടിച്ചുപിടിച്ചു

(b) മയിലുകൾ നൃത്തം നിർത്തി

(c) തോഴിമാർ കരഞ്ഞു

(d) കണ്വൻ ദുഃഖിച്ചു

(xxii) ആരാണ് ദീർഘാപാംഗൻ ? [1]

(a) ശകുന്തളയുടെ വളർത്തുമകൻ

(b) കണ്വന്റെ വളർത്തുമകൻ

(c) തോഴിമാരുടെ വളർത്തുമകൻ

(d) ഒരു മൃഗം

(xxiii) ശാകുന്തളം നാടകത്തിലെ നായകൻ ആര് ? [1]

(a) ദുഷ്യന്തൻ

(b) ഭീമൻ

(c) അർജുനൻ

(d) നളൻ

(xxiv) ശകുന്തളയുടെ പിന്നാലെ വലിഞ്ഞു ഇഴഞ്ഞു നടന്നത് ആര് ? [1]

(a) ഗർഭിണിയായ മാൻപേട

(b) ദീർഘാപാംഗൻ

(c) മയിലുകൾ

(d) തിര്യക്കുകൾ

(xxv) പ്രസ്തുത ഗദ്യഭാഗത്തിന് ഉചിതമായ ശീർഷകം നൽക്കുക : [1]

(a) അഭിജ്ഞാനശാകുന്തളം

(b) പ്രകൃതിസ്നേഹം

(c) മനുഷ്യനും പ്രകൃതിയും

(d) സ്നേഹം

2. **Answer the following according to the instructions given :—**

**(തന്നിരിക്കുന്ന നിർദ്ദേശമനുസരിച്ച് ഉത്തരം എഴുതുക.)**

(i) തന്നിരിക്കുന്ന വാക്യത്തിന്റെ ശരിയായ രൂപമെടുത്ത് എഴുതുക.

(a) (1) മറ്റാരിലും കാണാനാവാത്ത കഴിവുകൾക്ക് ഉടമയാണ് ഗാന്ധിജി [1]

(2) അന്യാദൃശകഴിവുകൾക്ക് ഉടമയാണ് ഗാന്ധിജി

(3) മറ്റാരിലും കാണാനാവാത്ത അന്യാദൃശ്യകഴിവുകൾക്ക് ഉടമയാണ് ഗാന്ധിജി

(4) ആരിലും കാണാത്ത കഴിവുകൾക്ക് ഉടമയാണ് ഗന്ധജി

(b) (1) കാക്ക ഒരു ചിറകുള്ള പക്ഷി ആണ് [1]

(2) കാക്ക ഒരു പക്ഷിയാണ്

(3) ഒരു പക്ഷിയാണ് കാക്ക

(4) ഒരു ചിറകുള്ള പക്ഷി ആണ് കാക്ക

(c) (1) നേതാവിന്റെ ബാല്യത്തിലെ അച്ഛൻ മരിച്ചുപോയി [1]

(2) നേതാവിന്റെ അച്ഛൻ ബാല്യത്തിലെ മരിച്ചുപോയി

(3) ബാല്യത്തിലെ അച്ഛൻ മരിച്ച നേതാവ്

(4) ബാല്യത്തിലെ അച്ഛൻ മരിച്ചു പോയ നേതാവ്

(d) (1) പഴയ പ്രഭുക്കന്മാരിൽ എത്രയോപേർ കാലക്ഷേപം കഴിക്കാൻ വകയില്ലാതെ വലയുകയാണ് [1]

(2) പഴയ പ്രഭുക്കന്മാരിൽ എത്രയോപേർ കാലം കഴിക്കാൻ വകയില്ലാതെ വലയുകയാണ്

(3) പഴയ പ്രഭുക്കന്മാരിൽ എത്രയോപേർ കഴിക്കാൻ വകയില്ലാതെ വലയുകയാണ്

(4) പഴയ പ്രഭുക്കന്മാരിൽ എത്രയോപേർ വലയുകയാണ്

(ii) **ശൈലികളുടെ (IDIOMS) അർത്ഥം എഴുതുക :-**

(a) **ചിറ്റമ്മ നയം** [1]

(1) രഹസ്യം വെളിപ്പെടുത്തുക

(2) കൗശല പ്രയോഗം

(3) പരിഹസിക്കുക

(4) സ്നേഹം കുറഞ്ഞ രീതിയിൽ പെരുമാറുക

(b) **തലയണമന്ത്രം** [1]

(1) അപകടകരമായ പ്രവൃർത്തി

(2) രഹസ്യമായി ഉപദേശം

(3) പ്രധാനപ്പെട്ട ഉപദേശം

(4) തമാശപരമായ ഉപദേശം

(c) **വനരോദനം** [1]

(1) ആരും കേൾക്കാത്ത പരാതി

(2) വനത്തിലെ രോദനം

(3) കള്ളക്കരച്ചിൽ

(4) അനിഷ്ടം പ്രകടിപ്പിക്കുക

(d) **മുടന്തൻ ന്യായം** [1]

(1) തക്കതല്ലാത്ത സമാധാനം

(2) ഉചിതമല്ലാത്ത ന്യായം

(3) കൗശല പ്രയോഗം

(4) രഹസ്യം വെളിപ്പെടുത്തൽ

(iii) **വിട്ടുപോയ പദം ചേർത്ത് പൂരിപ്പിക്കുക (IDIOMS) :-**

(a) ക്ഷമയുടെ ———————— കാണാൻ കഴിവുള്ളവർ മഹാൻമാർ തന്നെ ആണ്. [1]

(1) നെല്ലിപ്പലക

(2) അന്ത്യം

(3) അവസാനം

(4) അതിര്

(b) ജീവിതത്തിൽ ഭാരിച്ച ചെലവുകൾ ഉണ്ടായപ്പോൾ രാമന്റെ കുടുംബം നിത്യചെലവിനായി ——————. [1]

(1) ചക്രംതിരിഞ്ഞു

(2) നക്ഷത്രമെണ്ണി

(3) ചക്രശ്വാസം വലിച്ചു

(4) ബുദ്ധിമുട്ടി

(c) പോലീസിന്റെ കഠിനപരിശ്രമം ഉണ്ടായിട്ടും —————— പല കേസുകളും ഇന്നും കേരളത്തിലുണ്ട്. [1]

(1) ദിശ തെറ്റിയ

(2) തുമ്പ് കിട്ടാത്ത

(3) ഫലം കിട്ടാത്ത

(4) ചായം തെളിയാത്ത

(d) ജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോൾ നമ്മൾ ——— പോലെ ആകരുത്. [1]

(1) തൊട്ടാവാടി

(2) ദുർബലർ

(3) ഭഗ്നാശർ

(4) കളിപ്പാവ

(iv) **തന്നിരിക്കുന്ന പദങ്ങളുടെ അർത്ഥത്തിൽനിന്നും ശൈലി (IDIOMS) ഏതെന്ന് കണ്ടുപിടിക്കുക :-**

(a) **കഷ്ടത്തിൽ ആക്കുക** [1]

(1) പതം വരുത്തുക

(2) പേക്കൂത്ത്

(3) മർക്കടമുഷ്ടി

(4) നക്കി കൊല്ലുക

(b) **സംക്ഷിപ്തം** [1]

(1) രത്നചുരുക്കം

(2) മുദ്ര പതിപ്പിക്കുക

(3) ആപ്തവാക്യം

(4) ഉള്ളടക്കം

(c) **പുസ്തകത്തിലെ അറിവ് മാത്രം ഉള്ളവൻ** [1]

(1) ഏട്ടിലെ പശു

(2) സാക്ഷരൻ

(3) ഹരിഃശ്രീ

(4) പുസ്തകപ്പുഴു

(d) **തെറ്റായ ധാരണ** [1]

(1) നിരക്ഷരൻ

(2) മിഥ്യാധാരണ

(3) ദീർഘദൃഷ്ടി

(4) കൂപമണ്ഡൂകം

## SECTION B

## PRESCRIBED TEXTBOOKS – 39 Marks

*Answer **all** questions from **the three** of the prescribed textbooks.*

### ഗദ്യ കൈരളി (Gadya Kairali)

1. പരിക്ഷീണവും ഹൃദയസ്പൃക്കുമായ ആ ദീനരോദനം അങ്ങു കാറ്റിൽ ലയിച്ചു "ആരുടെ ദീനരോദനം" ? [1]

(a) ചെന്നന്റെ

(b) വളക്കാരന്റെ

(c) ശ്വാനന്റെ

(d) യജമാനന്റെ

2. കക്കുന്തോറും മുടിയും മുടിയുന്തോറും... [1]

(a) നേട്ടം

(b) സമ്പത്ത്

(c) കക്കും

(d) ജീവിക്കും

3. നാലു ചക്രം ഉണ്ടാക്കാൻ പറ്റണം, ചക്രമുണ്ടായാലേ നാട്ടിലൊരു വെല കാണത്തുള്ളു "ആരുടെ അഭിപ്രായം" ? [1]

(a) അഗ്നിശർമ്മന്റെ

(b) വിഷ്ണുഗുപ്തൻ

(c) ചട്ടമ്പി

(d) ഗുരുജി

4. 'കടൽത്തീരത്ത്' എന്ന കഥയിലെ പ്രധാന കഥാപാത്രം ? [1]

(a) കണ്ടുണ്ണി

(b) വെള്ളായിയപ്പൻ

(c) കോടച്ചി

(d) പൊതിച്ചോറ്

5. കുട്ടനാടിന്റെ കഥാകാരനായി അറിയപ്പെടുന്ന സാഹിത്യകാരൻ ? [1]

(a) എം.ടി

(b) തകഴി

(c) മുകുന്ദൻ

(d) ബഷീർ

6. നായയ്ക്കെന്തു സംഭവിച്ചു ? [1]

(a) മുങ്ങിച്ചത്തു

(b) മുതല പിടിച്ചു

(c) ഒഴികിപ്പോയി

(d) കരയ്ക്കെത്തി

7. ഖസാക്കിന്റെ ഇതിഹാസകാരൻ ആര് ? [1]

(a) ഒ.വി. വിജയൻ

(b) തകഴി

(c) എം.ടി

(d) സേതു

8. ഒരു പേറ്റിച്ചിയെപ്പോലെ വെള്ളായിയപ്പൻ പാറാവുകാരനിൽ നിന്നും ഏറ്റുവാങ്ങിയതെന്ത് ? [1]

(a) മകന്റെ ദേഹം

(b) ചീട്ട്

(c) പൊതിച്ചോറ്

(d) ചായ

9. ചേന്നൻ കുടിലിൽതന്നെ കഴിയാം എന്ന് വിചാരിച്ചത് എന്തുകൊണ്ട് ? [1]

(a) മഴ പെട്ടന്ന് കുറയും എന്ന് കരുതി

(b) തന്റെ കൃഷിസാധനങ്ങൾ കള്ളന്മാർ കൊണ്ടുപോകും എന്ന് കരുതി

(c) ഭാര്യ ഗർഭിണി ആയിരുന്നതുകൊണ്ട്

(d) അവന്റെ യജമാനൻ അവനെ കൊണ്ടുപോകും എന്ന് കരുതി

10. മലയാളകഥയിൽ നവീന ഭാവുകത്വത്തിന് വക്താക്കളിൽ പ്രാമാണികനാണ്? [1]

(a) എം.പി നാരായണപിള്ള

(b) സന്തോഷ് ഏച്ചിക്കാനം

(c) കാക്കനാടൻ

(d) സേതു

11. ധിറുതിയിൽ പെണ്ണാളിനെയും പിടിച്ചു വള്ളത്തിൽ കയറ്റി ആ തക്കത്തിന് പൂച്ചയും വള്ളത്തിൽകയറി. അപ്പോൾ പട്ടിക്ക് എന്തു സംഭവിച്ചു ? [1]

(a) നായ വള്ളത്തിൽ കയറി കാണും എന്ന് വിചാരിച്ചു

(b) പട്ടി മുകൾ എടുപ്പിൽ ആയിരുന്നു

(c) പട്ടി അവിടെയും ഇവിടെയും മണപ്പിച്ചു നടക്കുകയായിരുന്നു

(d) നായയുടെ കാര്യം ആരും ഓർത്തില്ല

12. കിടാങ്ങൾ വള്ളത്തിൽ കയറിക്കൊണ്ടിരിക്കുകയാണ്. 'ചേന്നച്ചോ' പൂഹോയ്, ആരുടെ വിളി ? [1]

(a) മടിയത്തറ കുഞ്ഞേപ്പൻ

(b) കുഞ്ഞനന്ദൻ നായർ

(c) വേലുക്കുറുപ്പ്

(d) ഗോപാലൻ

13. കാലത്ത് എഴുന്നേറ്റപ്പോൾ ഒരു പാത്രം ചായ കുടിക്കാൻ രണ്ടണ ഇല്ലായിരുന്നു എന്തുകൊണ്ട് ? [1]

(a) പൈസ മോഷണം പോയി

(b) പൈസ മുണ്ടിന്റെ തുമ്പോട് മുറിച്ചു കൊണ്ടുപോയി

(c) മാസാവസാനം ആയിരുന്നു

(d) തിരികെ ലഭിക്കാനുള്ള പൈസ കിട്ടിയിരുന്നില്ല

## കാവ്യാഞ്ജലി (Kavyanjali)

1. തുള്ളൽ പാട്ടുകളുടെ ഉദ്ദേശ്യം എന്തായിരുന്നു ? [1]

(a) സാമൂഹികവിമർശനം

(b) നാടൻ ചൊല്ലുകൾ അവതരിപ്പിക്കൽ

(c) സാധാരണക്കാരന്റെ ജീവിതം

(d) ജീവിത നിരീക്ഷണം

2. പ്രസേനജിത്ത് എന്ന രാജാവിനെ കൊന്നതാര് ? [1]

(a) ജാംബവാൻ

(b) സിംഹം

(c) കൃഷ്ണൻ

(d) രാക്ഷസൻ

3. പ്രാചീന കവിത്രയങ്ങളിൽ ഒരാൾ ? [1]

(a) വള്ളത്തോൾ നാരായണമേനോൻ

(b) ഉള്ളൂർ എസ് പരമേശ്വരയ്യർ

(c) കുമാരനാശാൻ

(d) കുഞ്ചൻ നമ്പ്യാർ

4. രാത്രിമഴയെ കവയിത്രി ആരോടാണ് ഉപമിച്ചിരിക്കുന്നത് ? [1]

(a) പ്രകൃതിയുടെ കണ്ണീരിനോട്

(b) മനുഷ്യമനസ്സിലെ വേദനയോട്

(c) യുവതിയാം ഭ്രാന്തിയോട്

(d) പ്രകൃതിയോട്

5. മലയാള സാഹിത്യത്തിൽ പ്രഥമ ജ്ഞാനപീഠപുരസ്കാരം ലഭിച്ച കവി ആര് ? [1]

(a) അക്കിത്തം അച്യുതൻനമ്പൂതിരി

(b) ഒഎൻവി കുറിപ്പ്

(c) തകഴി

(d) ജി ശങ്കരക്കുറുപ്പ്

6. മത്ത ഗജത്തിന് കർണകഠോരമായി അനുഭവപ്പെട്ടത് എന്ത് ? [1]

(a) കുറുക്കന്റെ ഓരിയിടൽ

(b) ചീവീടുകളുടെ വിലാപം

(c) വേട്ടക്കാരുടെ ശബ്ദം

(d) ചില്ലകൾ ഒടിയുന്ന ശബ്ദം

7. കാച്ചിക്കുറുക്കിയ കവിത എന്ന് ആരുടെ കവിതകളാണ് വിശേഷിപ്പിക്കുന്നത് ? [1]

(a) പി കുഞ്ഞിരാമൻ നായർ

(b) ചങ്ങമ്പുഴ കൃഷ്ണപിള്ള

(c) വൈലോപ്പിള്ളി ശ്രീധരമേനോൻ

(d) സുഗതകുമാരി

8. സൂര്യന്റെ മുഖം വിളറിയത് എപ്പോൾ ? [1]

(a) മ്ലാനമാമംഗം കണ്ടപ്പോൾ

(b) കറുമ്പിരാവ് എത്തി നോക്കിയപ്പോൾ

(c) സൂര്യകാന്തി പൂവിനെ കണ്ടപ്പോൾ

(d) അവളുടെ നോട്ടം കണ്ടപ്പോൾ

9. കവിയിത്രി നടുങ്ങിയ സന്ദർഭം ഏത് ? [1]

(a) ഒരമ്മയുടെ ആർത്തനാദം കേട്ട്

(b) രാത്രിമഴ പ്രിയ ജനത്തെപ്പോലെ എത്തിയപ്പോൾ

(c) രാത്രിമഴ നീണ്ട തേങ്ങലായി എത്തിയപ്പോൾ

(d) രാത്രിമഴ യുവതിയാം ഭ്രാന്തിയെപ്പോലെ ഇരിക്കുന്നത് കണ്ടപ്പോൾ

10. സാക്ഷാത്കാരത്തിൽ എത്താത്ത പ്രേമത്തിന്റെ വിഷാദ ഛായയാണ് ഈ കവിതയിൽ കാണുന്നത് ഏത് കവിതയിൽ ? [1]

(a) സൂര്യകാന്തിയിൽ

(b) സ്യമന്തകത്തിൽ

(c) രാത്രിമഴയിൽ

(d) സഹ്യന്റെ മകനിൽ

11. സൂര്യന്റെ ചോദ്യത്തിനു സൂര്യകാന്തി പ്രതികരിക്കാതിരുന്നത് എന്തുകൊണ്ട് ? [1]

(a) നിർഗന്ധം പുഷ്പം ആയതുകൊണ്ട്

(b) അനുജത്തി എന്ന് വിളിച്ചതുകൊണ്ട്

(c) അപകർഷതാബോധം കൊണ്ട്

(d) നിസ്സാര ആയതുകൊണ്ട്

12. തുള്ളൽ പാട്ടുകൾ ഏതു സാഹിത്യരൂപത്തോട് കടപ്പെട്ടിരിക്കുന്നു ? [1]

(a) ചമ്പു

(b) ആട്ടക്കഥ

(c) കണ്ണശ്ശ കൃതികൾ

(d) മണിപ്രവാളം

13. "കൊടും കേടു ബാധിച്ച പാവം മനസ്സോ" ? ഈ ധർമ്മസങ്കടത്തിന്റെ അടിസ്ഥാനമെന്ത് ? [1]

(a) പുരുഷമേധാവിത്വം

(b) സമൂഹത്തിലെ അനീതി

(c) പീഡനംകൊണ്ട് ജീർണിച്ച സ്ത്രീയുടെ നിസ്സഹായ അവസ്ഥ

(d) രോഗബാധിതമായ മനസ്സ്

## അസുരവിത്ത് (Asuravith)

1. "പകലുകൾ ഗതികിട്ടാത്ത പ്രേതങ്ങളെപ്പോലെ അവസാനമില്ലാതെ തന്റെ ചുറ്റും വട്ടം തിരിയുകയാണെന്ന് തോന്നാറുണ്ട്" ആർക്ക് ? [1]

(a) കുമാരൻ നായർക്ക്

(b) ഗോവിന്ദൻകുട്ടിക്ക്

(c) കുഞ്ഞരയ്ക്കാർക്ക്

(d) ശേഖരൻ നായർക്ക്

2. "ആ ചോദ്യം ന്യായമാണ്. ഗോവിന്ദൻകുട്ടി അതുകേൾക്കുമ്പോഴൊക്കെ സ്വയം പറഞ്ഞു പോയിട്ടുണ്ട്" ആരുടെ ചോദ്യം ? [1]

(a) മുതലാളിയുടെ

(b) അയ്യപ്പന്റെ

(c) കാളിയുടെ

(d) അമ്മയുടെ

3. പുത്തൻ കളത്തിലെ താമസക്കാരനാരാണ് ? [1]

(a) ശേഖരൻ

(b) ശങ്കരൻ

(c) നാണപ്പമേനോൻ

(d) ചന്ദ്രമതി

4. ഓണത്തേക്കാളും സന്തോഷിച്ചിരുന്ന ദിവസം ? [1]

(a) പുത്തിരി

(b) വിഷു

(c) ദീപാവലി

(d) ചിങ്ങപ്പിറവി

5. അതുള്ളതുകൊണ്ട് കഷ്ടപ്പാടുകൾ തീരാൻ പോകുന്നുണ്ടോ ? ഏത് ? [1]

(a) നിലം

(b) പ്ലാവ്

(c) അടയ്ക്ക

(d) കവുങ്ങ്

6. ആ രൂപം കണ്ടപ്പോൾ അയാളുടെ മനസ്സ് നേർത്തു നേർത്തു വന്നു. ആരുടെ രൂപം ? [1]

(a) കുമാരന്റെ

(b) അമ്മയുടെ

(c) മമ്മാലിയുടെ

(d) കുഞ്ഞ്യോപ്പോളുടെ

7. മുക്കാലിന്നു ഗതിയില്ലാണ്ടു തിണ്ണ നെരങ്ങി നടന്നിരുന്നോനാ ? ആരാണ് ? [1]

(a) മമ്മാലി

(b) അയ്യപ്പൻ

(c) ശേഖരൻ നായർ

(d) കുമാരൻ

8. പെരുമ്പലത്തിരിലെ കളപ്പുര ഏതു പേരിലാണ് അറിയപ്പെടുന്നത് ? [1]

(a) മാളികപ്പുര

(b) അങ്ങാടിപ്പുര

(c) പത്തായപ്പുര

(d) ചെട്ടിപ്പുര

9. ഒരു കൊമ്പു പിടിയ്ക്യാച്ചാൽ ഏതു കൊമ്പു പിടിക്കണം ? [1]

(a) പുളിങ്കൊമ്പ്

(b) പ്ലാവിൻ കൊമ്പ്

(c) ഇലഞ്ഞിക്കൊമ്പ്

(d) ഈട്ടിക്കൊമ്പ്

10. ഗോവിന്ദൻകുട്ടി ഓർത്തു പോകുക ആ പ്രതിമയെയാണ്. "ആരെക്കുറിച്ചാണ് ഗോവിന്ദൻകുട്ടി ഓർക്കുന്നത് ?" [1]

(a) മാമ്പിയെ

(b) അയ്യപ്പനെ

(c) കോപ്പക്കുട്ടിയെ

(d) ബീരാനെ

11. അബ്ദു എവിടെയാണു ജോലി ചെയ്യുന്നത് ? [1]

(a) പട്ടാളത്തിൽ

(b) ബാങ്കിൽ

(c) കപ്പലിൽ

(d) ഊർച്ചക്കണ്ടത്തിൽ

12. ''ആ വസ്തുവാണ് ഇപ്പോൾ വാതിൽപ്പലകമേൽ മുഖമമർത്തിവച്ചു നില്ക്കുന്നത്'' ഏതു വസ്തു ? [1]

(a) തിത്തുമ്മ

(b) അബ്ദു

(c) നബീസു

(d) സുൽത്താൻ

13. “ഞാനൊരു കഷണം കയറു ചെലവാക്കുവല്ലേ ഭേദം” ഇങ്ങനെ പറഞ്ഞതാര് ? [1]

(a) അപ്പുണ്ണി നായർ

(b) കുട്ടേട്ടൻ

(c) ശങ്കരൻ

(d) ശേഖരൻ

**ആ മനുഷ്യൻ നീ തന്നെ (Aa Manushyan ne thanne)**

1. ‘‘കണ്ണുള്ളത് തുറക്കാൻ മാത്രമല്ല അടയ്ക്കാൻ കുടിയാണ്’’ ആരുടെ വാക്കുകൾ ? [1]

(a) ഊറിയാവിന്റെ

(b) ഏലിയാം

(c) ദാവീദിന്റെ

(d) ഇസഹാക്കിന്റെ

2. യുദ്ധം ഒരു രസമല്ല ഒരാവശ്യം മാത്രമാണ്. ആരുടെ വാക്ക് ? [1]

(a) ഇസഹാക്ക്

(b) ഊറിയാ

(c) ദാവീദ്

(d) യോവാബ്

3. ഞാൻ യോർദ്ദാനെപ്പോലെ ഒഴുകും, സ്വതന്ത്രമായി ശക്തിയോടെ. ആരുടെ അഭിപ്രായം ? [1]

(a) ബത്തശേബ

(b) ഊറിയാവ്

(c) ദാവീദ്

(d) അന്ന

4. പ്രവാചകന്മാർക്ക് സ്വന്തം വചനങ്ങളില്ല. അവർ യഹോവയുടെ നാവുകളാണ്. ആരുപറഞ്ഞു ? [1]

(a) ഊറിയാവ്

(b) ബത്തശേബ

(c) യോവാബ്

(d) എലിയാം

5. “ഞാനങ്ങയോട് എന്നെന്നേക്കുമായി യാത്ര പറയാനായിട്ടാണ് വന്നിരിക്കുന്നത്” ആര് ? [1]

(a) അന്ന

(b) ഊറിയാവ്

(c) ബത്തശേബ

(d) എലിയാവ്

6. ഒരു ഭടനെങ്കിലും നഷ്ടപ്പെട്ടാൻ ആരുടെ ശിരസ്സാണ് ഉത്തരം പറയേണ്ടത് ? [1]

(a) ദാവിദിന്റെ

(b) ഊറിയാവിന്റെ

(c) യോവാബിന്റെ

(d) എലിയാമിന്റെ

7. ചില കാര്യങ്ങൾ പറയാൻ ഭാഷയേക്കാൾ നല്ലത് എന്താണെന്നാണ് ബത്തശേബ പറയുന്നത് ? [1]

(a) പഴഞ്ചൊല്ല്

(b) കടങ്കഥ

(c) നാട്യം

(d) അഭിനയം

8. രാജാവിന്നായി അപേക്ഷിച്ച ജനത്തോട് യഹോവയുടെ വചനങ്ങളെ അറിയിച്ചതാര് ? [1]

(a) ശമുവേൽ

(b) നാഥാൻ

(c) ദാവീദ്

(d) മാലാഖ

9. യുദ്ധത്തിൽ മരിക്കുന്ന ഓരോരുത്തനും ആരെപ്പോലെയാണ് ? [1]

(a) ബന്യാം

(b) ഊറിയാവ്

(c) യോവാബ്

(d) എലിയാവ്

10. ആ മനുഷ്യൻ ആരാണ് ? [1]

(a) ഊറിയാവ്

(b) നാഥാൻ

(c) ദാവീദ്

(d) യഹോവ

11. ഈ നാടകത്തിന്റെ ഇതിവൃത്ത സംവിധാനം ഏതു കൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. [1]

(a) ഈഡിപ്പസ്സ്

(b) ഇലിയഡ്

(c) ബൈബിൾ

(d) തമോഗർത്തം

12. "നമ്മുടെ ലക്ഷ്യങ്ങൾക്കു രൂപം നൽകുന്ന ഒരു ദിവ്യശക്തിയുണ്ട്" ആരുടെ അഭിപ്രായം ? [1]

(a) ദാവീദിന്റെ

(b) ഷേക്സ്പിയറിന്റെ

(c) നാഥാന്റെ

(d) ശമുവേലിന്റെ

13. ജനങ്ങൾ ഇതുവരെ ചെയ്തതെല്ലാം ആരുടെ മഹത്വത്തിന് ആണ് ? [1]

(a) യഹോവയുടെ

(b) ദാവീദിന്റെ

(c) ഇസ്രയേലിന്റെ

(d) സാവൂളിന്റെ